# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4611** **18/05/2017-ൽ മറുപടിക്ക്**

## ഇടക്കൊച്ചിയിൽ അനുവദിച്ച സെക്ഷൻ ഓഫീസ്

<table>
<tr><td></td><td>ചോദ്യം<br><br>ശ്രീ. ജോൺ ഫെർണാണ്ടസ്</td><td></td><td>ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>10 സെന്റ് സ്ഥലമോ വാടകരഹിത കെട്ടിടമോ ലഭ്യമല്ലാത്തതിനാൽ കെ.എസ്.ഇ.ബി. അനുവദിച്ച സെക്ഷൻ ഓഫീസുകൾ ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ എവിടെയെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;</td><td>(എ)</td><td>ഉണ്ട്. സൗജന്യമായി 10 സെന്റ് സ്ഥലമോ വാടകരഹിത കെട്ടിടമോ ലഭിക്കാത്തതിനാൽ കെ.എസ്.ഇ.ബി 2016-ൽ അനുവദിച്ച 8 സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇലക്ട്രിക്കൽ സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>ഇലക്ട്രിക്കൽ സർക്കിൾ</td><td>ഇലക്ട്രിക്കൽ സെക്ഷൻ</td></tr>
<tr><td>തിരുവനന്തപുരം</td><td>പാപ്പനംകോട്</td></tr>
<tr><td>എറണാകുളം</td><td>ഇടക്കൊച്ചി</td></tr>
<tr><td>ഷൊർണ്ണൂർ</td><td>ലക്കിടി കൂട്ടുപാത, വിളയൂർ</td></tr>
<tr><td>മഞ്ചേരി</td><td>പുഴക്കാട്ടിരി, മുണ്ടക്കുളം</td></tr>
<tr><td>തിരൂർ</td><td>ഇന്ത്യന്നൂർ</td></tr>
<tr><td>പാലക്കാട്</td><td>കയറാടി</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?</td><td rowspan="2">(ബി) &<br><br>(സി)</td><td rowspan="2">കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നുള്ളൂ എന്ന് ബോർഡ് തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് സ്ഥലമോ കെട്ടിടമോ ലഭ്യമാക്കുന്നതിനായി പഞ്ചായത്ത്, ജില്ല ഭരണകൂടം എന്നിവയുമായി ബന്ധപ്പെട്ടുവരികയാണ്. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകൾ</td></tr>
<tr><td>(സി)</td><td>ഇടക്കൊച്ചിയിൽ അനുവദിച്ച സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനായി പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ?</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ് സംവിധാനം, വാഹന സൗകര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ചെലവ് ബോർഡ് തന്നെയാണ് വഹിക്കുന്നത്. ഇത്തരത്തിലുള്ള ചെലവുകൾ കൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള കെട്ടിട വാടക കൂടി ഏറ്റെടുക്കേണ്ടി വന്നാൽ സാമ്പത്തിക ബാദ്ധ്യതയേറും. ഇത് ബോർഡിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ ഭേദഗതി വരുത്താൻ നിർവ്വാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാകുന്ന മുറയ്ക്ക് ഇടക്കൊച്ചി ഉൾപ്പെടെയുള്ള സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ